# സ്കൂൾ സമയമാറ്റം മദ്റസാ പ്രസ്ഥാനത്തെ തകർക്കും

**പിണങ്ങോട് അബൂബക്കർ**

**സ്കൂൾ** പ്രവൃത്തിസമയം 8.30 മുതൽ 3.30 വരെയാക്കണമെന്ന നിർദേശം നിലവിലുള്ള മദ്റസാ വിദ്യാഭ്യാസത്തെ തകർക്കുന്നതാണ്. 3.30-നു ശേഷമുള്ള സമയം കുട്ടികൾക്ക് കളിക്കാനുള്ളതാണ്. അതുകൊണ്ട് ആ സമയത്ത് മദ്റസാ പഠനം സാധ്യമല്ല. കുട്ടികളെ കിട്ടുകയുമില്ല. വാരാന്ത ഒഴിവു ദിനങ്ങളിൽ പഠനം പരിമിതപ്പെടുത്തുന്നതും വിജയിക്കുകയില്ല. സ്ഥിരം അധ്യാപകരെ ലഭിക്കാൻ ബുദ്ധിമുട്ടാകും. സമസ്തക്കു കീഴിൽതന്നെ എഴുപത്തിയൊമ്പതിനായിരത്തിലധികം അധ്യാപകർ സേവനം ചെയ്യുന്നുണ്ട്. അവരുടെ സ്ഥിരം തൊഴിലാണിത്. ആഴ്ചയിൽ രണ്ടു ദിവസം മാത്രം മദ്റസാപഠനം നിർവഹിച്ചാൽ ബാക്കി ദിവസങ്ങളിൽ അവരെന്തുചെയ്യും? മദ്റസകൾക്കു വേണ്ടി വലിയ മുതൽമുടക്കാണ് സമുദായം നടത്തിയിട്ടുള്ളത്. സമാന്തര വിദ്യാഭ്യാസ വ്യവസ്ഥയാണിത്. ഇതത്രയും നിശ്ചലമായിത്തീരും. മതപഠനത്തിന് മുന്തിയ പരിഗണന നൽകുന്ന മുസ്‌ലിം പ്രദേശങ്ങളുണ്ട്. മുസ്‌ലിം പെൺകുട്ടികളുടെ മതവിദ്യാഭ്യാസത്തിലും ഊന്നൽ നൽകപ്പെടുന്നുണ്ട്. അത്തരം പ്രദേശങ്ങളിൽ ഭൗതികവിദ്യാഭ്യാസം തടയപ്പെടുകയായിരിക്കും ഇതിന്റെ ഫലം. മദ്റസാ പഠനം മുടക്കി സ്കൂളിൽ പോകാൻ അവർ സന്നദ്ധമാകില്ല. ഭൗതികവിദ്യാഭ്യാസം നിർത്തി മതവിദ്യാഭ്യാസം മാത്രം സ്വീകരിക്കാൻ അവർ നിർബന്ധിതരാകും എന്നതായിരിക്കും ഫലം. അതോടൊപ്പം മറ്റൊരു പ്രധാന വശമുള്ളത് സ്വകാര്യ വിദ്യാലയങ്ങളുടെ കച്ചവടസാധ്യത വർധിക്കുന്നുവെന്നതാണ്. അതായത്, മദ്റസകൾ സ്കൂൾ വിദ്യാഭ്യാസം ലഭിക്കുന്ന സമാന്തര സ്വകാര്യ വിദ്യാലയങ്ങളായി മാറും. ഗവൺമെന്റ് അംഗീകൃത വിദ്യാലയങ്ങളിൽനിന്ന് കുട്ടികളെ പിൻവലിച്ച് മതപഠനത്തിന് കൂടി അവസരമുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ മക്കളെ പഠിപ്പിക്കാൻ രക്ഷിതാക്കൾ തൽപരരാകും. ഇത് ഇപ്പോൾതന്നെ സജീവമായ വിദ്യാഭ്യാസ കച്ചവടത്തെ കൂടുതൽ ശക്തി

പ്പെടുത്തും. ഗുരുതരമായ മറ്റൊരു പ്രശ്ന മുള്ളത് സാമുദായിക ധ്രുവീകരണത്തി ന്റേതാണ്. സ്കൂളുകൾ ഉൾപ്പെടെ മിക്ക വാറും എല്ലാ രംഗങ്ങളിലും മുസ്‌ലിംകൾ മറ്റുള്ളവരോടൊപ്പം ഒരു പൊതുസമൂഹ മായി ഇടപഴകിക്കഴിയുന്ന അവസ്ഥയാ ണ് കേരളത്തിലുള്ളത്. ഉത്തരേന്ത്യയിൽ നിന്ന് വ്യത്യസ്തമാണിത്. എന്നാൽ മു സ്‌ലിം കുട്ടികൾ പൊതുധാരയിലെ സ് കൂൾ പഠനം ഉപേക്ഷിച്ച് സാമുദായിക സംവിധാനങ്ങളിലേക്ക് -മദ്റസകളിലേ ക്ക്- മാറുന്നതോടെ ഉത്തരേന്ത്യയിലെ പ്പോലെ പാർശ്വവത്കരിക്കപ്പെട്ടവരായി മാറും. അത് രാജ്യതാൽപര്യത്തിനും കേ രളീയ സംസ്കാരത്തിനും പൈതൃക ത്തിനും എതിരായിത്തീരും.

സമയമാറ്റം പഠനത്തിന് ഫലപ്രദ മാണെന്നാണ് പറയുന്നത്. എന്നാൽ ഇത് ശരിയാണെന്ന് ശാസ്ത്രീയമായി തെളി യിക്കപ്പെട്ടിട്ടില്ല. ലോകത്തിന്റെ പല ഭാ ഗത്തും വിദ്യാഭ്യാസം നടക്കുന്നത് പത്തു മണിക്ക് ശേഷംതന്നെയാണ്. നിലവിലു ള്ള യാത്രാസൗകര്യവും മറ്റും പരിഗണി ക്കുമ്പോൾ 8.30-ന് എത്തിച്ചേരുകയെന്ന ത് അധ്യാപകർക്കും വിദ്യാർഥികൾക്കും പ്രയാസമുള്ളതാണ്. സൂര്യോദയത്തിനു ഒന്നും ഒന്നരയും മണിക്കൂർ പിന്നിടുമ്പോ ഴേക്കും എങ്ങനെയാണ് സ്കൂളിൽ എ ത്തിച്ചേരുക? ഇക്കാലമത്രയും 10 മണിക്ക് സ്കൂൾ ആരംഭിച്ചതുകൊണ്ട് പ്രകടമായ ദോഷങ്ങളൊന്നും ഉണ്ടായതായി തെളി യിക്കപ്പെട്ടിട്ടുമില്ല.

സ്കൂളുകളിൽ പഠനനിലവാരം താ ഴുന്നതിന് കാരണം ഗവൺമെന്റിന്റെ പിടി പ്പുകേടാണ്. വേണ്ടത്ര അധ്യാപകരില്ലാ യ്ക, ഭൗതിക സൗകര്യങ്ങളുടെ അഭാവം, സ്റ്റാഫ് ഫിക്സേഷനു ശേഷം അതേക്കു റിച്ച് പരിശോധനയില്ലായ്ക, ടെക്സ്റ്റ് പു സ്തകങ്ങളുടെ ലഭ്യതക്കുള്ള താമസം, അധ്യാപകരുടെ പ്രശ്നങ്ങൾ തുടങ്ങിയ പല കാരണങ്ങളാലാണ് വിദ്യാഭ്യാസനി ലവാരം കുറയുന്നത്. അധ്യാപകരെക്കു റിച്ച് പഠിക്കാൻ കാര്യക്ഷമമായ ഗവൺ മെന്റ് സംവിധാനമില്ല. മേലധികാരി നൽ കുന്ന അറിവ് മാത്രമാണുള്ളത്. മറ്റു പരി ശോധനകളൊന്നുമില്ല. ഒരു വർഷത്തിൽ രണ്ടു തവണ മദ്റസകൾ സന്ദർശിച്ച് അ ധ്യാപകരെയും പഠനനിലവാരത്തെയും കുറിച്ച് പരിശോധിക്കുന്നതിനുള്ള സംവി ധാനം സമസ്തക്കുണ്ട്. പക്ഷേ, ഗവൺ മെന്റിന് ഇതിനാവശ്യമായ ജീവനക്കാരി ല്ല. ഉള്ളവർ തന്നെ ആത്മാർഥമായി ജോ ലി ചെയ്യുന്നില്ല. നമ്മുടെ മുഖ്യമന്ത്രിത ന്നെ അത് സമ്മതിച്ചതാണ്. ഇതൊന്നും പരിഹരിക്കാതെ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ അവസാനിക്കില്ല.

മദ്റസാ പഠനം സ്കൂൾ പഠനത്തി ന് തടസ്സമാകുന്നതായി ഇതുവരെയും പ റയപ്പെട്ടിട്ടില്ല. മത-ഭൗതിക വിഷയങ്ങൾ സമ ന്വയിപ്പിച്ചുകൊണ്ട് നടത്തുന്ന സ്കൂളുകളിൽ കുട്ടികൾ രണ്ടു വിഷയങ്ങളിലും ഉയർന്ന മാർക്ക് വാങ്ങുന്നതായാണ് അനുഭവം.

മതപഠനം തടയപ്പെടുന്നത് ന്യൂനപക്ഷ ങ്ങൾക്ക് ഭരണഘടന നൽകുന്ന അവകാശങ്ങ ളുടെ ലംഘനമായിത്തീരും. അതിനെ നിയമ പരമായി നേരിടേണ്ടിവരും. ഇപ്പോൾ മുസ്‌ലിം സംഘടനകൾ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് അധികൃതർക്ക് നിവേദനം നൽകിയിട്ടുണ്ട്.

മുസ്‌ലിംകൾ മറ്റു മതക്കാരെ പോലെയ ല്ല; മറ്റുള്ളവർക്ക് ഒരു തന്ത്രി, അല്ലെങ്കിൽ കാർമികൻ ഉണ്ടായാൽ മതി മതചടങ്ങുകൾക്ക്. എന്നാൽ മുസ്‌ലിംകളിൽ ഓരോ വ്യക്തിയും കാർമികനായിരിക്കണം. അതുകൊണ്ടുതന്നെ അവന് മതവിഷയങ്ങളെക്കുറിച്ച് നല്ല അറിവു ണ്ടാകണം. നിശ്ചിത സമയത്ത് നിശ്ചിത കർമ ങ്ങൾ നിർവഹിക്കേണ്ടതുണ്ട്. ഉദാഹരണമായി 7 വയസ്സായ കുട്ടി നമസ്കാരം ആരംഭിക്കണം. 10 വയസ്സായാൽ അത് നിർബന്ധമായിത്തീരു ന്നു. ഇങ്ങനെ മറ്റു വിഷയങ്ങളുമുണ്ട്. ഓരോന്നും അതതിന്റെ സമയത്തുതന്നെ പഠി പ്പിക്കണം, എപ്പോഴെങ്കിലും പഠിച്ചാൽ പോരാ.

അഞ്ചാം ക്ലാസ്സും ഏഴാം ക്ലാസ്സും വരെ നൽകപ്പെടുന്ന അടിസ്ഥാന വിദ്യാഭ്യാസത്തിനു ശേഷമുള്ള തുടർപഠനം സാർവത്രികമല്ല. അതിന്റെ ദൂഷ്യങ്ങൾ സമൂഹത്തിലുണ്ട്. കുട്ടി കളുടെ തെരഞ്ഞെടുപ്പിന്റെ പ്രായത്തിൽ അവർക്കാവശ്യമായ മതപഠനം ലഭിക്കേണ്ടതു ണ്ട്. എന്നാൽ നമ്മുടെ രാജ്യത്ത് മാധ്യമങ്ങ ളുടെ തെറ്റായ സ്വാധീനമാണ് കുട്ടികളിലുള്ള ത്. കളികളാണവർക്കേറ്റവും പ്രിയപ്പെട്ടത്. ഈ പ്രവണതകളെ മറികടക്കാനുള്ള ശ്രമമാണ് നാം നടത്തേണ്ടത്. കലാ-കായിക മത്സരങ്ങളും മറ്റും നടത്തിക്കൊണ്ട് വിദ്യാർഥികളെ ആകർഷി ക്കാൻ സമസ്ത പദ്ധതികൾ ആവിഷ്കരിച്ചിട്ടു ണ്ട്. മതവിദ്യാഭ്യാസരംഗത്ത് നാം വ്യയം ചെയ്യുന്ന വിഭവങ്ങളുടെ പത്തു ശതമാനം പോലും ഫലം കിട്ടുന്നില്ല എന്നതാണ് ശരി. മലിനമായ സാഹചര്യം സ്വാധീനിക്കുന്നുണ്ട്. ഇതിനെ മറികടക്കാനുള്ള കഠിനശ്രമം സമസ്ത നടത്തുന്നുണ്ട്. മഹല്ല് തലത്തിലും അതിന് സംവിധാനമുണ്ടാകേണ്ടതുണ്ട്. മദ്റസാ കെട്ടി ടങ്ങൾ രാവിലെയുള്ള മദ്റസാ ക്ലാസ്സിനു ശേഷം ഫലപ്രദമായി ഉപയോഗപ്പെടുത്താനും ആലോചിക്കേണ്ടതുണ്ട്. സമസ്തക്കു കീഴിലെ ചില മദ്റസകളിൽ നഴ്സറികൾ ആരംഭിച്ചിട്ടു ണ്ട്. മുസ്‌ലിംകളും അമുസ്‌ലിംകളുമായ കുട്ടി കൾക്ക് ട്യൂഷൻ സംവിധാനങ്ങളും മദ്റസക ളിൽ നൽകാവുന്നതാണ്. ഗവൺമെന്റിന്റെ മുൻകൈയിൽ ഇത്തരം പദ്ധതികൾ ഉണ്ടെങ്കിൽ മാനേജ്മെന്റുകൾ അതിന് സൗകര്യം ചെയ്തു കൊടുക്കുന്നതാണ്. ■

(സമസ്ത കേരള ഇസ്‌ലാംമത വിദ്യാഭ്യാസ ബോർഡിന്റെ മാനേജറാണ് ലേഖകൻ)